## ശ്രദ്ധ ക്ഷണിക്കൽ

### കർഷകരുടെ പട്ടയ പ്രശ്നങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ കർഷകരുടെ ഭൂപ്രശ്നത്തിന് പരിഹാരം കാണേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവന്നവർക്ക് വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശ രേഖകൾ നൽകുകയെന്നതാണ് ഇക്കാര്യത്തിലെ നയം. ഇതുസംബന്ധിച്ച് സർക്കാർ 1989-ൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 1977-ന് മുമ്പ് ഭൂമി കൈവശംവച്ച് കൃഷി ചെയ്തുവരുന്ന വയനാട് ജില്ലയിലെ കർഷകർക്ക് അവരുടെ ഭൂമിയ്ക്ക് നികുതി അടച്ചുവരുന്നതും കൈവശരേഖ ഉണ്ടായിരുന്നതുമാണ്. എന്നാൽ പല കാരണങ്ങളാൽ അവരുടെ ഭൂമിയ്ക്ക് ഇപ്പോൾ നികുതി സ്വീകരിക്കുന്നില്ല. ഈ പ്രശ്നം ഏറ്റവും രൂക്ഷമായിട്ടുള്ള വൈത്തിരി താലൂക്കിലെ മുപ്പൈനാട്, തൃക്കൈപ്പറ്റ, കോട്ടപ്പടി, കുന്നത്തുനാട്, വെള്ളരിമല വില്ലേജുകളിൽ കിടക്കുന്ന കടച്ചിക്കുന്ന്, നീലിമല, ക്ലബ്മട്ടം, ജയ്ഹിന്ദ്, അരപ്പറ്റ, നെല്ലിമുണ്ട, മാങ്കുന്ന്, റിപ്പൺ, പഞ്ചമിക്കുന്ന്, കാഞ്ഞിലോട്, കൂടലായിക്കുന്ന് എന്നിവിടങ്ങളിലാണ്. 05 മുതൽ 15 സെന്റുവരെ ഭൂമിയുള്ള പാവപ്പെട്ട കർഷകരാണ് ഈ സ്ഥലങ്ങളിലുള്ളത്. ഈ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. അംഗനവാടി കെട്ടിടങ്ങൾ അതുപോലെ മത സ്ഥാപനങ്ങൾ, പി.എച്ച്.സി. സബ്സെന്റർ, ചെറുകിട ജലസേചന പദ്ധതികൾ, എം.എൽ.എ./എം.പി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

എന്നിവയും ഇവിടെ നടത്തിയിട്ടുള്ളതാണ്. ആയതിനാൽ ഈ ഭൂമി ഇനി വന ഭൂമിയാക്കുകയെന്നത് തികച്ചും അപ്രായോഗികമാണ്. കൈവശാവകാശ രേഖ കൾ സംബന്ധിച്ച് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവ ശ്യപ്പെട്ട് നടന്ന സമര പരിപാടികളോടനുബന്ധിച്ച് വിളിച്ച സർവ്വകക്ഷി യോഗ ത്തിൽ വെസ്റ്റഡ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ 22.05.2010-ലെ 2443/2010 റവന്യൂ ഉത്തരവുപ്രകാരം സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് 19.07.2010-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും 1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതാ ണെന്നും, എന്നാൽ ജില്ലാകളക്ടർ ഒരു പ്രൊപ്പോസൽ തയ്യാറാക്കി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നൽകേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും ജില്ലയിലെ മിച്ചഭൂമി സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം 2011-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയാ യിരുന്നപ്പോൾ അദ്ദേഹം വയനാട്ടിൽ വരികയും ഈ പ്രദേശങ്ങളിലെ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംയുക്ത സർവ്വേ നടത്തണമെന്നും അതിന് എം.എൽ.എ. ചെയർമാനായി ഓരോ സ്ഥലങ്ങളിലും ഘട്ടംഘട്ടമായി സംയുക്ത പരിശോധന നടത്തണമെന്ന് തീരുമാനിക്കുകയുമുണ്ടായി. അതി ന്റെ ആദ്യഘട്ടമെന്ന നിലയിൽ കടച്ചിക്കുന്നിൽ 440 കർഷകരുടെയും നീലിമ ലയിൽ 145 കർഷകരുടെയും പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തികരിച്ച് വനംവകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചെങ്കിലും തുടർ നട

പടികളൊന്നും ഉണ്ടായിട്ടില്ല. അതുമാത്രമല്ല ഈ സ്ഥലങ്ങളിലൊന്നും സംയുക്ത പരിശോധന കാര്യക്ഷമമായി നടക്കുന്നില്ല. ഇത് നടക്കാത്തതു കൊണ്ട് മറ്റുള്ള സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. വയനാട് ജില്ലയിൽ പ്രത്യേകിച്ച് വൈത്തിരി താലൂക്കിലെ അർഹതപ്പെട്ട എല്ലാ കർഷകർക്കും കൈവശാവകാശ രേഖ ലഭ്യമാക്കുന്ന നടപടികൾ സ്വീകരിക്കണം. ഇനിയും സംയുക്ത പരിശോധന പൂർത്തിയാകാത്ത സ്ഥലങ്ങളിൽ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് 19.07.2010-ൽ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കർഷകർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചതാണ്. എന്നാൽ 18.02.2012-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം വനംവകുപ്പിൽ നിന്ന് അനുമതി ലഭിക്കാതെ വന്നിരിക്കുകയാണ്. 5-ഉം 10-ഉം സെന്റ് ഭൂമിയുള്ള മാർജിനൽ കർഷകരാണവർ. 1960 മുതൽ അവിടെ താമസിക്കുന്നവരാണ്. 1970-കളിലാണ് ഈ ഭൂമികൾ വെസ്റ്റഡ് ഫോറസ്റ്റായി മാറിയിട്ടുള്ളത്. ഇവരുടെ ഭൂമി പ്രശ്നം പല ഘട്ടങ്ങളിലായി സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പല മീറ്റിംഗുകൾ നടന്നിട്ടുണ്ടെങ്കിലും പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. ആയിരക്കണക്കിന് കുടുംബങ്ങളാണ് വയനാട് ജില്ലയിൽ പ്രത്യേകിച്ച് വൈത്തിരി താലൂക്കിൽ ഈ രീതിയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. അവർക്ക് കൈവശരേഖ ലഭിക്കാത്തതിനാൽ അവരുടെ മക്കളുടെ കല്ല്യാണത്തിന് ഭൂമി കൈമാറ്റമൊന്നും നടക്കുന്നില്ല. അതുപോലെ അവർക്ക് അർഹതപ്പെട്ട പല കാര്യങ്ങളും ലഭ്യമാകുന്നില്ല. ഇ. എം.

എസ്. ഭവനപദ്ധതി പ്രകാരം പാർപ്പിടം ലഭ്യമാകുന്നില്ല. ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ പലതവണ കൊണ്ടുവരികയും പരിഹാരം കാണുന്നതിനുവേണ്ടിയുള്ള മീറ്റിംഗുകൾ നടന്നുവെങ്കിലും പല ഒബ്ജക്ഷനുകളും പറഞ്ഞുകൊണ്ട് നടക്കാതിരിക്കുകയാണ്. ഈ പാവപ്പെട്ട കർഷകർ ഇനി എന്താണ് ചെയ്യേണ്ടത്; ഇനി എവിടെയാണ് പോകേണ്ടത്? 40 വർഷമായി ഈ ഭൂമിയിൽ താമസിക്കുന്ന കർഷകരുടെ സ്ഥിതി പരിഹരിക്കുവാൻ വേണ്ടി നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഫോറസ്റ്റ് മിനിസ്റ്ററുടെയും മറ്റ് ഉദ്യോഗസ്ഥന്മാരുടെയും ഒരു യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സഭയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വയനാട് ജില്ലയിലെ കോട്ടപ്പടി, വെള്ളരിമല, തൃക്കൈപ്പറ്റ, മുപ്പൈനാട് എന്നീ വില്ലേജുകളിലെ കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതിനും കൈവശരേഖ നൽകുന്നതിനുമായി റവന്യൂ, സർവ്വേ, വനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് 22.05.2010-ലെ സർക്കാർ ഉത്തരവ് 2443/10 റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ തൃക്കൈപ്പറ്റ വില്ലേജിലെ ജയ്ഹിന്ദ് കോളനിയിലെ 99 അപേക്ഷകളിലും മുപ്പൈനാട് വില്ലേജിലെ കടച്ചിക്കുന്ന് പ്രദേശത്തെ 402 അപേക്ഷകളിലും വനം, റവന്യൂവകുപ്പ് സംയുക്ത പരിശോധനാ നടപടികൾ പൂർത്തിയായിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിലും സംയുക്തപരിശോധന പൂർത്തിയായെങ്കിലും സംയുക്തപരിശോധനാ റിക്കോർഡുകളിൽ വനംവകുപ്പ് അധികൃതരുടെ അംഗീകാരം ലഭിക്കാനുണ്ട്.

സംയുക്ത പരിശോധനാ വിഷയത്തിൽ വനംവകുപ്പ് അധികൃതർ ഉന്നയിച്ചിട്ടുള്ള തടസ്സവാദം മാറ്റി ലഭിയ്ക്കുന്ന മുറയ്ക്ക് ഭൂനികുതി സ്വീകരിക്കുന്നതിനുള്ള അപേക്ഷകൾ നിലവിലുള്ള പഞ്ചമിക്കുന്ന്, ഏലവയൽ, താന്നിലോട്, മമ്മിക്കുന്ന്, പച്ചക്കാട്, കുപ്പച്ചി, കാശ്മീർ കുത്തുമല മുതലായ പ്രദേശങ്ങളിലെ സംയുക്ത പരിശോധന പൂർത്തീകരിച്ച് കർഷക കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 1977-ന് മുമ്പുള്ള കൈവശക്കാരെ സംബന്ധിച്ച് 2000-ത്തിനുമുമ്പ് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ 477 പേരുടെ 179.085 ഹെക്ടർ ഭൂമിയുടെ രേഖകൾ തുടർ നടപടികൾക്കായി പരിശോധിച്ചുവരികയാണ്. ആയതിലേയ്ക്കായി ഫോറം-എ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, എല്ലാ പ്രാവശ്യവും മുറപോലെ ഇതേ മറുപടിയാണ് ലഭിക്കുന്നത്. പ്രശ്നപരിഹാരം ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ പുതിയതായി ഉണ്ടായ പ്രശ്നം, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ആഭിമുഖ്യത്തിൽ 05.09.2010-ൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നടത്തിയ പരാമർശം, The Principal Chief Conservator of Forests pointed out that the process of preparing joint verification reports started in 1984, the initial order was issued in 1989 and the second order was issued by Government in 1999. The date of effect of this order was only up to February 2000. The joint verification report prepared after this date will not come under the purview of this order. Such case should be identified and forwarded to the

Commissioner, Land Revenue and then to the Government for examination and further order in this regard. ഇവിടെ പറയുന്നത് 2000 -ത്തിന് മുമ്പ് ഈ പറയുന്ന പല പ്രദേശങ്ങളിലും ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടില്ല. ഈ ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ കർഷ കർ 1960-കളിൽ കുടിയേറി താമസിച്ചവരാണ്. അവരുടെ ജോയിന്റ് വെരിഫി ക്കേഷൻ നടക്കാത്തതുകൊണ്ട് 2000-ത്തിന് ശേഷമുള്ള ഒരു ജോയിന്റ് വെരി ഫിക്കേഷനും അംഗീകരിക്കുവാൻ സാധിക്കില്ല. അങ്ങനെയുള്ള റിപ്പോർട്ടു കൾ ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ച് അവിടെനിന്ന് ഗവൺമെന്റിന് തീരുമാനം എടുക്കണമെന്നാണ് പറയുന്നത്. ഇത് നടന്നുകഴിഞ്ഞിട്ട് കുറേ മാസങ്ങളായി. ഇനിയും തീരുമാനമാകുന്നില്ല. ഇനി തീരുമാനം എടുക്കുവാൻ വേണ്ടി എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്; കർഷകരുടെ പ്രശ്നങ്ങൾ അന്തിമമായി പരിഹരിക്കുവാൻ വേണ്ടിയുള്ള എന്ത് നടപടിക ളാണ് ഗവൺമെന്റ് എടുക്കുന്നത്; 2000-ത്തിന് ശേഷം നടത്തിയ ജോയിന്റ് വെരിഫിക്കേഷൻ അംഗീകരിക്കുകയില്ലായെന്ന് പറഞ്ഞത് അംഗീകരിപ്പിക്കു വാൻ വേണ്ടി എന്തുനടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗം തന്നെ അതിനൊരു പരിഹാരമാർഗ്ഗമെന്ന നിലയിൽ ഒരു നിർദ്ദേശവും കൂടി നേരത്തേ വച്ചിരുന്നു. വനം, റവന്യൂ വകുപ്പുകളുടെ സംയുക്തമായ യോഗം ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർക്കുന്നതിനെക്കുറിച്ച് ഒരു നിർദ്ദേശം വച്ചിരുന്നു. തീർച്ചയായും ആ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്. ഒരു യോഗം വിളിച്ചുചേർത്തുകൊണ്ട് ഇതിന് എന്ത് നടപടിയാണ് വേണ്ടത്, വനം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇത്തരം കാര്യങ്ങൾക്കുള്ള തടസ്സവാദ

ങ്ങൾ ഉണ്ടാകാറുള്ളത്. പ്രത്യേകിച്ച് മലയോര മേഖലയിലെ പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് നല്ലതുപോലെ ബോധ്യമുള്ള ഒരു വ്യക്തി കൂടിയാണ് ഞാൻ. അതിന് പരിഹാരം ഉണ്ടാക്കുവാൻ വേണ്ടി റവന്യൂവകുപ്പിൽ നിന്ന് ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ഉണ്ടായിരിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

**കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, കേരളത്തിലെ തണ്ണീർത്തടങ്ങളും കായലോരങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. തണ്ണീർത്തടം സംരക്ഷിക്കുവാനാവശ്യമായ 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം നിലവിലുണ്ട്. കായലോരങ്ങൾ സംരക്ഷിക്കുവാനാവശ്യമായ CRZ ആക്ട് കേരളത്തിൽ നിലവിലുണ്ട്. ഈ നിയമങ്ങളെല്ലാം വ്യാപകമായി ലംഘിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി തണ്ണീർത്തടങ്ങൾ നികത്തുകയും കായലോരങ്ങളും കടലോരങ്ങളും അനധികൃതമായി കയ്യേറ്റം നടത്തുകയും ചെയ്യുന്ന പ്രവണത വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. വൻകിട റിസോർട്ട് ഉടമകളും ഭൂമാഫിയകളുമാണ് ഇതിനെല്ലാം നേതൃത്വം കൊടുക്കുന്നത്. ഈ നിയമങ്ങളൊന്നും ഇവർക്കാർക്കും ബാധകമല്ല. പാവപ്പെട്ട ഒരാൾക്ക് കടലോരത്തോ കായലോരത്തോ വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ആരെങ്കിലും സമീപിച്ചാൽ ചെറിയ ആളുകൾക്ക് ഈ നിയമങ്ങളെല്ലാം കർക്കശമായി നടപ്പാക്കുന്ന കാര്യത്തിൽ വ്യഗ്രത കാണിക്കുന്ന ഈ ഉദ്യോഗസ്ഥർ വൻകിടക്കാരുടെ കാര്യത്തിൽ യാതൊരു

നിയമതടസ്സവുമില്ലാതെ നിർബാധം അതിനുള്ള എല്ലാ അവസരങ്ങളും ഒരുക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്. കൊക്ക് മീൻ പിടിക്കുമ്പോൾ വലിയ മീനുകളെ കാണുമ്പോൾ കണ്ണടയ്ക്കുകയും ചെറിയ മീനുകളെ കൊത്തിത്തിന്നുകയും ചെയ്യുന്നതുപോലെ ഈ നിയമം ലംഘിച്ചാൽ അവരെ തടയാൻ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻമാരെല്ലാം അതിന് കൂട്ടുനിൽക്കുകയാണ്. ഇപ്പോൾ തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് ചെയർമാനും കമ്മിറ്റിയുമൊക്കെയുണ്ട്. ഉദാഹരണത്തിന്, തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ത്രീ സ്റ്റാർ ഹോട്ടലായ റോയൽ ബ്ലൂ ഹോട്ടലിന്റെ കായലോരപ്രദേശം റിസോർട്ട് ഉടമ ഒറ്റ രാത്രികൊണ്ട് നികത്തുകയും കണ്ടൽക്കാടുകളെല്ലാം വെട്ടിനശിപ്പിക്കുകയും ചെയ്തു. അതിനെതിരെ ശാസ്ത്ര സാഹിത്യപരിഷത്ത് മാത്രമല്ല ആ പ്രദേശത്തെ ആളുകളെല്ലാം ചേർന്നുകൊണ്ട് സമരം നടത്തി. സമരം നടത്തിയിട്ട് ഒരു കാര്യവുമുണ്ടായില്ല. അവസാനം അതോറിറ്റിയുടെ കമ്മിറ്റി ചേർന്ന് വിദഗ്ധൻമാരായ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി അവിടെ വന്ന് പരിശോധന നടത്തിയതിൽ മൂന്ന് രീതിയിലുള്ള violation നടത്തിയെന്ന് വളരെ വ്യക്തമായി വിദഗ്ധ കമ്മിറ്റി പറഞ്ഞു. The team has visited two sides where it is mentioned that illegal reclamation has been done എന്നാണ് ഒബ്സർവേഷൻ പറയുന്നത്. അനധികൃതമായ നികത്തൽ നടന്നിരിക്കുന്നുവെന്ന് പറഞ്ഞ് ഇവരെ ഹിയറിംഗ് നടത്തി തീരുമാനമെടുക്കാൻ കോടതി പറഞ്ഞതിന്റെ പേരിൽ, ഇതിന്റെ ചെയർമാൻ ശ്രീ. രാജശേഖരൻ പിള്ള അതിന് അനുമതി കൊടുത്തുകൊണ്ടുള്ള പുതിയ

ഉത്തരവിറക്കിയിരിക്കുന്നു. ഞാൻ ഇതൊരു ഉദാഹരണമായി പറഞ്ഞതാണ്. ഇതുപോലെ നിരവധി സംഭവങ്ങൾ നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലമായ ശ്രീനാരായണപുരം പഞ്ചായത്തിൽ കായലുമായി ചേർന്നുകിടക്കുന്ന പ്രദേശം റിസോർട്ട് ഉടമ അനധികൃതമായി നികത്തി അവിടെയുള്ള കണ്ടൽക്കാടുകളെല്ലാം വെട്ടിനശിപ്പിച്ചു. കായലരികത്ത് വേലികെട്ടിത്തിരിച്ച് അവരുടേതാണന്ന് പറഞ്ഞിരിക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ, നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് ഡേറ്റാബാങ്ക് ഉണ്ടാക്കിയപ്പോൾ ഈ പ്രദേശങ്ങളൊന്നും ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. വളരെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങളും തോടുകളും കായലോരങ്ങളും ഒന്നുംതന്നെ തണ്ണീർത്തട നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 90 ദിവസം കൊണ്ട് ഡേറ്റാബാങ്ക് കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. കൊണ്ടുവന്ന ഡേറ്റാബാങ്കിൽ ഉദ്യോഗസ്ഥൻമാരും റിസോർട്ട് ഉടമകളും ഭൂമാഫിയകളും ചേർന്ന് കളളക്കളി നടത്തി, വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം ഡേറ്റാബാങ്കിൽ ഉൾപ്പെടുത്താതെ ഈ ഉടമകൾക്കുവേണ്ടി അനുകൂലമായി കോടതിവിധി ഉണ്ടാക്കത്തക്ക വിധത്തിൽ കാര്യങ്ങൾ ചെയ്തിരിക്കുകയാണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഞാനിപ്പോൾ ഒരു കാര്യം പറഞ്ഞു എന്നുവിചാരിച്ച് ഇത് ഒരു വിഷയം മാത്രമല്ല. ഇപ്പോൾ പല പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഇങ്ങനെയാണ്; മാതൃഭൂമി പത്രത്തിൽ ആലപ്പുഴയിൽ നിയമം ലംഘിച്ച് റിസോർട്ടുകൾ ഉയരുന്നു; ചിലവന്നൂരിൽ നിയമം ലംഘിച്ച് കായലുകളിൽ കെട്ടിടങ്ങൾ വരുന്നു; മലയാള

മനോരമയിലെ എഡിറ്റോറിയലിൽ നീർത്തടങ്ങളും പുഴകളും മരങ്ങളും സംരക്ഷിക്കണം; ഈ നാട് മരുഭൂമിയാകാതിരിക്കുവാൻ ഈ നിയമം വളരെ പ്രധാനപ്പെട്ടതാണ്, അതുപോലെ നീർത്തടം, തണ്ണീർത്തടം നികത്തലിന്റെ പിന്നിൽ അഴിമതിയുടെ മണിക്കിലുക്കം- മംഗളം; മാധ്യമം പത്രത്തിൽ വെള്ളായണി കായൽ നികത്തൽ സജീവം; മറ്റൊരു പത്രത്തിൽ പറയുന്നു വേമ്പനാട്ടുകായൽ കയ്യേറ്റം വ്യാപകമായി; ആക്കുളം കായൽ കയ്യേറ്റം നിയമസഭാസമിതി തെളിവെടുപ്പ് നടത്തി; നികത്തപ്പെട്ട പാടങ്ങൾക്ക് നിയമസാധുത നൽകാൻ പോകുന്നു; നെൽവയൽ തണ്ണീർത്തട നിയമം അട്ടിമറിക്കാൻ ശ്രമം; നിയമം മറികടന്ന് ആറായിരം ഏക്കർ വയൽ മേഖല നികത്തി; ഭൂ മാഫിയയ്ക്ക് സഹായകമേകാൻ റവന്യൂ വകുപ്പ്; തരിശുപാടം തണ്ണീർത്തടം നികത്തൽ അനുമതിക്ക് നീക്കം; സർക്കാരിന് കായൽ നികത്താം; എന്നിങ്ങനെയാണ്. ഇതുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ പേര് വച്ച് എഴുതിക്കൊണ്ടിരിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതൊന്നും തെറ്റായ വാർത്തകളല്ല. ഉത്തരവാദിത്തത്തോടുകൂടി വാർത്താമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വ്യാപകമായി ഭൂ മാഫിയ ഇവിടെ തലപൊക്കിയിരിക്കുകയാണ്. അതിനുകാരണം അവർക്ക് ഉദ്യോഗസ്ഥരും ഗവൺമെന്റും പരിപൂർണ്ണമായി ഒത്താശ ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങയെ വ്യക്തിപരമായി ആക്ഷേപിക്കാൻ പറയുന്നതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തണ്ണീർത്തടനിയമം അട്ടിമറിച്ചതിന്റെ ഫലമാണിത്. CRZ ആക്ട് നടപ്പാക്കേണ്ട അതോറിറ്റി ചെയർമാൻ ശ്രീ. രാജശേഖരൻ പിള്ള സി.ബി.ഐ. കേസിലെ പ്രതിയാണ്. ഇഗ്നോ-യുടെ

ചുമതല വഹിക്കുന്ന സമയത്ത് അദ്ദേഹത്തിനെതിരെ 650 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിച്ച് പാട്യാല സി.ബി.ഐ. കോടതി കേസെടുത്തിരിക്കുകയാണ്. ആ അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ CRZ -ന്റെ ചെയർമാനാക്കിയിരിക്കുകയാണ്. പാട്യാല കേസിൽ ഒന്നാം പ്രതിയാക്കി കോടതി കേസ് ചാർജ്ജ് ചെയ്തിരിക്കുന്ന ആളെ അങ്ങ് എന്തിനുവേണ്ടിയാണ് CRZ അതോറിറ്റിയുടെ ചെയർമാനാക്കിയത്? SIFL-ന്റെ ചെയർമാൻ ഡോ. ഷാനവാസിനെ ആയുധമിടപാടുകാരി സുബിമാലി എന്ന സ്ത്രീയുമായി ബന്ധപ്പെട്ട് ആയുധ ഇടപാടിന്റെ പേരിൽ FIR രജിസ്റ്റർ ചെയ്തപ്പോൾ നിങ്ങൾ ഡോ. ഷാനവാസിനെതിരെ കേസ്സെടുത്ത് അദ്ദേഹത്തിനെ സസ്പെന്റ് ചെയ്തില്ലേ. ശ്രീ. രാജശേഖരൻ പിള്ളയെ ആർക്കുവേണ്ടിയാണ് ഇവിടെ ചെയർമാനാക്കിയിരിക്കുന്നത്? ഇതുപോലെ അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ തലപ്പത്തിരുത്തി നിങ്ങൾക്കാവശ്യമുള്ള കാര്യങ്ങളെല്ലാം നേടാൻ വേണ്ടി, ഭൂ മാഫിയകളെ സഹിയിക്കുവാൻ വേണ്ടി, തണ്ണീർത്തടങ്ങൾ നശിപ്പിക്കുകയാണ്. ജനങ്ങൾ കുടിവെള്ളമില്ലാതെ നട്ടംതിരിയുന്നതിന് പ്രധാനകാരണം കായലുകളും തോടുകളും പാടങ്ങളും നികത്തുന്നതാണ്. ഈ നിയമങ്ങളെല്ലാം നിങ്ങളുടെ മുമ്പിൽ കരതലാമലകം പോലെയിരിക്കും. നിങ്ങൾ അതൊക്കെ ലംഘിക്കുവാൻ കൂട്ടുനിൽക്കുകയല്ലേ? റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു, അങ്ങ് ഇതിൽ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? രാജ്യവ്യാപകമായി നിലംനികത്തലും തണ്ണീർത്തടം നികത്തലും കുളം നികത്തലും കായലോരകയ്യേറ്റവും നടന്നുകൊണ്ടിരിക്കുകയല്ലേ. അങ്ങേയ്ക്ക് എന്ത് ചെയ്യുവാനുണ്ട്? ഈ ഗവൺമെന്റ് ഭൂ മാഫിയയ്ക്ക്

കൂട്ടുനിന്ന് ഈ രാജ്യം നശിപ്പിക്കുകയാണ്. മഴയുടെ കുറവുകൊണ്ടുമാത്രമല്ല ഇവിടെ വെള്ളം കിട്ടാത്തത്. ഒന്നരക്കൊല്ലത്തിനിടയിൽ നികത്തിയ പാടത്തിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ ചരിത്രത്തിൽ ഏറ്റവും വലിയ നികത്തലും തണ്ണീർത്തടം നശിപ്പിക്കലും നടന്നത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ആരാണ് ഇതിന് ഉത്തരവാദികൾ? നട്ടെല്ലോടുകൂടി ഇതിന് നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻമാരെ ഇവർ സ്ഥലം മാറ്റുന്നു; അവർക്കെതിരെ നടപടി സ്വീകരിക്കുന്നു. അഴിമതിക്കാരെ താക്കോൽ സ്ഥാനത്തിരുത്തി ഓമനിച്ച് വളർത്തുന്ന ഈ ഗവൺമെന്റ് തണ്ണീർത്തട നിയമം ലംഘിക്കുന്നതിന് മറുപടി നൽകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട ശ്രീ. വി.എസ്. സുനിൽ കുമാർ വളരെ ആവേശത്തോടുകൂടി, നല്ലകാര്യങ്ങളാണ് കുറെയൊക്കെ പറഞ്ഞത്. അതിന്റെ കൂട്ടത്തിൽ അല്ലാതെയുള്ള ചില കാര്യങ്ങളും കൂടി സൂചിപ്പിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ളതല്ല, നമുക്ക് കണക്കുകൾ പരിശോധിക്കാം. ഇങ്ങനെയൊക്കെയുള്ള ചില നടപടികൾ നടന്നതും നിയമാനുസൃതം അതിനെതിരായി ചില തീരുമാനങ്ങൾ എടുത്തിട്ടുള്ളതും അവരുടെ പേരിൽ കേസുകളെടുത്തിട്ടുള്ളതുമുണ്ട്, ഈ ഗവൺമെന്റ് വന്നതിനുശേഷം അതിന് വിട്ടുവീഴ്ചയില്ലാതെ ചെയ്തു. അതാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് 2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് വ്യാപകമായ കയ്യേറ്റങ്ങളും ഭൂമിയുടെ രൂപഭേദവും നടന്നത് കൂടുതലായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമലംഘനങ്ങൾ

ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും റവന്യൂ-പോലീസ് വകുപ്പുകൾ സംയുക്ത പരിശോധന നടത്തിവരുന്നതുമാണ്. നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും പ്രാദേശികതല സമിതികളും ജില്ലാതലത്തിൽ ജില്ലാതല അധികൃതസമിതികളും രൂപീകരിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതൊരു പ്രവൃത്തിയും ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കൃഷി ഓഫീസറിൽ അധികാരം നിക്ഷിപ്തമാണ്. 1986 - ലെ ഇ.പി. ആക്ട് പ്രകാരമാണ് 1991-ൽ തീരദേശ നിയന്ത്രണ വിജ്ഞാപനം നിലവിൽ വന്നത്. എന്നാൽ 2011 ജനുവരി 6 -ന് അത് മരവിപ്പിച്ചുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതിയ തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചു. തീരദേശത്തിന്റെ സമഗ്രമായ സംരക്ഷണം ലക്ഷ്യമാക്കിയാണ് കേരള തീരദേശ പരിപാലന അതോറിറ്റി പ്രവർത്തിക്കുന്നത്. കടൽ, കായൽ, ഉപ്പുരസപ്രഭവമുള്ള മറ്റ് ജലാശയങ്ങളുടെ തീരം എന്നിവയിൽ നിയമത്തിന് വിധേയമായി അതോറിറ്റി നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നു. നിയമലംഘനങ്ങൾക്ക് എതിരെ ഇ.പി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോറിറ്റി തീരുമാനത്തിന് വിരുദ്ധമായ നടപടികളെ സംബന്ധിച്ച് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്കുവച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, നിയമലംഘനങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഞാൻ ഇവിടെ വായിച്ച വാർത്തകളൊക്കെ, അങ്ങ് പത്രം വായിക്കുന്ന ആളല്ലേ. ഉദ്യോഗസ്ഥൻമാർ എഴുതിത്തരുന്ന മറുപടി അങ്ങിവിടെ വായിക്കരുത്. കാരണം, ഉദ്യോഗസ്ഥർ ഇത് കാണുന്നില്ല. ഉദ്യോഗസ്ഥർ മാത്രമല്ല രാഷ്ട്രീയ നേതാക്കൻമാരും കാണുന്നില്ല. ഇതിനകത്ത് വളരെ സ്പെസിഫിക്കായി ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് അതിന് മറുപടി പറഞ്ഞില്ല. റോയൽ ബ്ലൂ റിസോർട്ട് ഹോട്ടലിൽ നിയമലംഘനമുണ്ടായിട്ടും അതിന് ചെയർമാൻ അനുമതി കൊടുത്തു. ആയുധ ഇടപാടിന്റെ പേരിൽ എസ്.ഐ.എഫ്.എൽ.-ന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ഷാനവാസിനെ മാറ്റിയതുപോലെ സി.ബി.ഐ. കോടതിയിൽ ഒന്നാം പ്രതിയായി കുറ്റം ചാർത്തപ്പെട്ടിരിക്കുന്ന ഒരുദ്യോഗസ്ഥനെ മാറ്റുന്നതിന് എന്താണ് തടസ്സം എന്നാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്. അങ്ങനെയുള്ള ഉദ്യോഗസ്ഥരെ തലപ്പത്ത് വയ്ക്കേണ്ടതുണ്ടോ? തണ്ണീർത്തട നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് ഞാനിവിടെ ഉന്നയിച്ച വളരെ സ്പെസിഫിക്കായ എന്റെ മണ്ഡലത്തിലുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കുവാൻ അങ്ങ് തയ്യാറാകുമോ? ഞാനിവിടെ സ്പെസിഫിക്കായി പറഞ്ഞ കാര്യങ്ങൾക്കെല്ലാം നടപടി എടുക്കാൻ അങ്ങ് തയ്യാറാകുമോ? ഇപ്പോൾ CRZ-ന്റെ അതോറിറ്റി ചെയർമാനായിരിക്കുന്ന ശ്രീ. രാജശേഖരൻ പിള്ളയ്ക്ക് എതിരായി സി.ബി.ഐ. കോടതിയിൽ കേസ് നിലനിൽക്കെ അദ്ദേഹത്തെതന്നെ ചെയർമാനാക്കുന്ന നടപടിയിൽ നിന്നും ഗവൺമെന്റ് പിൻമാറുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, 62-ാം ചട്ടപ്രകാരമാണ് അങ്ങ് ഇവിടെ നോട്ടീസ് നൽകിയത്. അങ്ങ് നൽകിയ നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് ഞാനിവിടെ മറുപടി പറഞ്ഞത്. കേരളത്തിലെ വിവിധ ജില്ലകളിൽ വ്യാപകമായി തീരദേശസംരക്ഷണനിയമവും തണ്ണീർത്തടനിയമവും ലംഘിച്ചുകൊണ്ട് വ്യാപകമായ കയ്യേറ്റങ്ങളും ഭൂമിയുടെ രൂപഭേദഗതിയും നടത്തിക്കൊണ്ടിരിക്കുകയാണ്. നഗ്നമായ നിയമലംഘനമാണ് നടക്കുന്നത്. നദീതീരങ്ങളിലും കായലോരങ്ങളിലും വൻകിടക്കാരായ സംരംഭകരാണ് നിയമലംഘനത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. തീരദേശ അതോറിറ്റിയുടെ ഒത്താശയോടുകൂടിയാണ് ഇതെല്ലാം നടക്കുന്നത്. തീരദേശ കയ്യേറ്റം തടയേണ്ട അതോറിറ്റി തന്നെ നിയമലംഘനത്തിന് കൂട്ടുനിൽക്കുന്നു എന്നാണ് പുറത്തുവരുന്ന വാർത്തകൾ. ഇതാണ് അങ്ങയുടെ നോട്ടീസ്. അതിന് ഞാൻ മറുപടിപറഞ്ഞു. അതോറിറ്റിയുടെ ചെയർമാനെ നീക്കം ചെയ്യണം; അല്ലെങ്കിൽ അതിനിപ്പോൾ മറുപടി പറയണം എന്നുപറഞ്ഞാൽ അങ്ങ് അതിന് പ്രത്യേകം നോട്ടീസ് തന്നിരുന്നുവെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാമായിരുന്നു. അങ്ങനെ പ്രത്യേകം നോട്ടീസൊന്നും തന്നിട്ടില്ല. അങ്ങ് തന്ന നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് ഞാനിവിടെ മറുപടി പറഞ്ഞിട്ടുള്ളത്.